# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 24**

---

## സൗജന്യ തൊഴിൽ മേള; 24 പേരെ തെരഞ്ഞെടുത്തു

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ബ്യൂറോയിലെ മോഡൽ കരിയർ സെന്റർ നടത്തിയ സൗജന്യ തൊഴിൽ മേളയിൽ 24 പേർ ജോലിക്കായി തെരഞ്ഞെടുക്കപ്പെട്ടു. ചുരുക്കപ്പട്ടികയിൽ 85 പേരെ ഉൾപ്പെടുത്തി.*

*സർവകലാശാശാലാ കാമ്പസിൽ നടന്ന മേളയിൽ 201 ഉദ്യോഗാർഥികളും നാലു സ്ഥാപനങ്ങളും പങ്കെടുത്തു. ബ്യൂറോ മേധാവി ഡോ. രാജേഷ് മണി, ഡെപ്യൂട്ടി ചീഫ് എൻ. ബിജു, റോണി കൃഷ്ണൻ, ബിജുകുമാർ, റിയാസ് എന്നിവർ നേതൃത്വം നൽകി.*

*(പി.ആർ.ഒ/39/955/2024)*

## ഫ്ളൂറോ പാളിമെർ മേഖലയിൽ അനന്ത സാധ്യതകൾ-പ്രഫ. ബ്രൂണോ അമേദുരി

*ഫ്ളൂറോ പോളിമെറുകളുമായി ബന്ധപ്പെട്ട നൂതന ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും വിപുലമായ സാധ്യതകളിലേക്ക് വഴിതുറന്നിരിക്കുകയാണെന്ന് ഈ മേഖലയിലെ വിദഗ്ധനായ പ്രഫ. ബ്രൂണോ അമേദുരി പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ(ഐഐയുസിഎൻഎൻ) പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.*

*വ്യവസായ മേഖലയിൽ ഫ്ളൂറോ പോളിമെർ മെറ്റീരിയലുകളുടെ ഉപയോഗ സാധ്യതകളെക്കുറിച്ച് ഫ്രാൻസിലെ ചാൾസ് ഗെർഹാഡ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകനായ അദ്ദേഹം വിശദമാക്കി. ഐഐയുസിഎൻഎൻ ഡയറക്ടർ പ്രഫ. സാബു തോമസ്, സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടർ ഡോ.എം.എസ്. ശ്രീകല, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. മാനുവൽ സ്റ്റീഫൻ തുടങ്ങിയവർ പങ്കെടുത്തു.*

*(പി.ആർ.ഒ/39/956/2024)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ സിബിസിഎസ് ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (2022*

*അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2023 അഡ്മിഷൻ അഡീഷണൽ ഇലക്ടീവ് ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ആറു വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

……………………..

*ബിഎസ്സി മെഡിക്കൽ മൈക്രോബയോളജി ഒന്നും രണ്ടും വർഷങ്ങളിലെ (2008 മുതൽ 2014 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് യഥാക്രമം നവംബർ ആറു വരെയും എട്ടുവരെയും അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/957/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംഎസ്ഡബ്ല്യു, എംഎജെഎംസി, എംടിടിഎം ആന്റ് എംഎച്ച്എം (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) മൂന്നാം സെമസ്റ്റർ എംഎൽഐബിഐഎസ്സി (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് നവംബർ ഏഴു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 14 വരെയും അപേക്ഷ സ്വീകരിക്കും.*

………………..

*ഒന്നാം സെമസ്റ്റർ ബിബിഎ (ഓണേഴ്സ്), ബിസിഎ (ഓണേഴ്സ്) 2024 അഡ്മിഷൻ റെഗുലർ പരീക്ഷകൾക്ക് ഒക്ടോബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/958/2024)*

## പരീക്ഷാ തീയതി

*ഒന്നാം സെമസ്റ്റർ ബിഎഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2024 അഡ്മിഷൻ റെഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്- ദ്വിവത്സര കോഴ്സ്) പരീക്ഷകൾ നവംബർ 27 മുതൽ നടക്കും.*

…………………..

*നാലാം സെമസ്റ്റർ ബിപിഇഎസ് (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം 2022 അഡ്മിഷൻ റെഗുലർ 2016 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾ നവംബർ ആഞ്ചു മുതൽ നടക്കും.*

…………………………

*രണ്ടാം സെമസ്റ്റർ ഐഎംസിഎ (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 30 മുതൽ നടക്കും.*

*(പി.ആർ.ഒ/39/959/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**